(എഫ്) ഇത് മുൻ വർഷത്തേക്കാൾ എത്ര ശതമാനം കൂടുതലോ കുറവോ ആണ്;

(ജി) അംഗീകരിച്ചു കിട്ടിയ വാർഷിക പദ്ധതി പ്രകാരം സംസ്ഥാനം കണ്ടെത്തേണ്ട തുകയെത്രയാണ് എന്നും കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന തുകയെത്രയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) 3250 കോടി രൂപ.

(ബി) ചെറുകിട സമ്പാദ്യ ഓഹരി, പൊതു കടം പി.എഫ്/മറ്റ് ഡിപ്പോസിറ്റുകൾ, പലവക മൂലധനവരവ്, കരാർ അനുസരിച്ചുള്ള വായ്പകൾ, ഡിബഞ്ചറുകളും ബോണ്ടുകളും, പത്താം ധനകാര്യ കമ്മിഷന്റെ ശുപാർശ പ്രകാരമുള്ള ഗ്രാന്റ്, കേന്ദ്രസഹായം, അധികവിഭവ സമാഹരണം എന്നിവയിലൂടെയാണ് പദ്ധതി നടത്തിപ്പിനാവശ്യമായ വിഭവസമാഹരണം നടത്തുന്നത്.

(സി) 2467.30 കോടി രൂപ.

(ഡി) ലോണായി 547.89 കോടി രൂപയും ഗ്രാന്റായി 234.81 കോടി രൂപയും.

(ഇ) 3250 കോടി രൂപയുടെ വാർഷിക പദ്ധതി.

(എഫ്) 4.8 ശതമാനം കൂടുതലാണ്.

(ജി) സംസ്ഥാനം 2467.30 കോടി രൂപ കണ്ടെത്തണമെന്നും കേന്ദ്രത്തിൽനിന്നും 782.70 കോടി രൂപ ലഭിക്കുമെന്നും കണക്കാക്കിയിരിക്കുന്നു.

14 (14) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതികൾ

ശ്രീമതി ആർ ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്നും എന്തു തുക അനുവദിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച മൊത്തം തുക ഓരോ ജില്ലയിലും എത്ര വീതമാണ് നൽകിയതെന്ന് വെളിവാക്കുമോ;

(സി) കൊല്ലം ജില്ലയിൽ ഈ പദ്ധതിയിൽ നിന്നും എന്തു തുകയുടെ സഹായം നൽകി എന്നും എത്ര ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു എന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് പരിഹാരമായി എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1,89,67,381 രൂപ 1997-98 സാമ്പത്തിക വർഷത്തിലും 2,07,38,184 രൂപ 1998-99 സാമ്പത്തിക വർഷത്തിലും അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കൊല്ലം ജില്ലക്കു 23,27,350 (ഇരുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി മൂന്നൂറ്റി അമ്പതു) രൂപയുടെ സഹായം 1542 പേർക്കായി നൽകുകയുണ്ടായി.

(ഡി) ചില കേസ്സുകളിൽ പരാതികൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്നതനുസരിച്ച് ആവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും കളക്ടർമാർക്കു നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

15 (15) മുഖ്യമന്ത്രിയുടെ വിദേശയാത്രകൾ

ശ്രീ. ടി.എം. ജേക്കബ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യ മന്ത്രി എത്ര വിദേശയാത്രകൾ നടത്തിയിട്ടുണ്ട്.

(ബി) ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശിച്ചത്;

(സി) ഈ യാത്രയുടെ ഉദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) ഇതുകൊണ്ട് സംസ്ഥാനത്ത് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ഇ) ഇതിലേക്ക് എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(എഫ്) വിദേശയാത്രയിൽ മുഖ്യമന്ത്രിയെ അനുഗമിച്ച ഉദ്യോഗസ്ഥന്മാർ ആരെല്ലാം;

(ജി) ഇവർക്കുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അഞ്ച്

(ബി)-(ഡി) 5.7.1996 മുതൽ 9.7.1996 വരെ അമേരിക്ക സന്ദർശിച്ചു. നോർത്ത് അമേരിക്കയിലെ "ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ്" എന്ന സമ്പദ്ഘടനയുടെ 7-ാമത് ഇന്റർനാഷണൽ കൺവെൻഷനിൽ പങ്കെടുക്കുകയായിരുന്നു പ്രധാന ഉദ്ദേശം.

14.11.1996 മുതൽ 24.11.1996 വരെ ജർമനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. യൂറോപ്യൻ മലയാളി സംഘടനയുടെ ക്ഷണം സ്വീകരിച്ച് അവരുടെ കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയും, സ്വിസ് ഏജൻസിയുടെ ക്ഷണം സ്വീകരിച്ച് അവിടുത്തെ ഗവൺമെന്റ് ഉദ്യോഗസ്ഥരുമായി വിവിധ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുമായിരുന്നു യാത്രയുടെ പ്രധാന ഉദ്ദേശ്യം.

10.6.1997 മുതൽ 22.6.1997 വരെ കാനഡ, അമേരിക്ക, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. കനേഡിയൻ ഗവൺമെന്റ് ക്ഷണിച്ചതനുസരിച്ച് കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസിയുമായി ചർച്ച നടത്താനും, അമേരിക്കൻ മലയാളികൾ ക്ഷണിച്ചതനുസരിച്ച് വ്യവസായികളു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly